# ബജറ്റ് 2026 27
# ആമുഖപ്രസംഗം

ബഹുമാനപ്പെട്ട വൈസ് പ്രസിഡന്റ്, വിവിധ സ്ഥിരം സമിതി അധ്യക്ഷന്മാർ, ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി, നിർവഹണ ഉദ്യോഗസ്ഥർ ജീവനക്കാർ, സന്നിഹിതരായിട്ടുള്ള ബഹുമാന്യരെ, തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് വികേന്ദ്രീകൃത ആസൂത്രണത്തെ, പ്രാദേശിക സാമ്പത്തിക വികസനത്തിനും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ജീവിത പുരോഗതിക്കും സാമൂഹിക നീതിക്കും വേണ്ടിയുള്ള പ്രവർത്തനോപാധിയായി ഫലപ്രദമായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. നാം നേടിയ നേട്ടങ്ങളെ സുസ്ഥിരം ആക്കുവാനും കാലത്തിന്റെ പുത്തൻ വെല്ലുവിളികളെ ഏറ്റെടുത്ത് പരിഹാരമാർഗങ്ങൾ അവലംബിക്കുന്നതിനും നമുക്ക് കഴിയേണ്ടതുണ്ട് സാമൂഹ്യനീതിയിൽ അധിഷ്ഠിതമായി വികേന്ദ്രീകൃതവും സുസ്ഥിരവുമായ വികസനക്ഷേമമാണ് 2026 27ലെ ബജറ്റ് ദർശനം. വിവിധ വിഷയമേഖലകളിലായി ഉയർന്നുവന്ന വികസന ആവശ്യങ്ങൾ സമഗ്രവും സൂക്ഷ്മമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് 2026 27 വാർഷിക ബജറ്റ് വികസനക്ഷേമ ആവശ്യങ്ങൾക്ക് മുൻഗണന നിശ്ചയിച്ചിട്ടുള്ളത്. നമ്മുടെ ഗ്രാമത്തിന്റെ ഭൂപ്രകൃതിയും ജനങ്ങളുടെ ആവശ്യകതയും പരിഗണിച്ച് ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനവും പുരോഗതിയും ലക്ഷ്യമാക്കി സമാഹരിക്കാൻ കഴിയുന്ന പരമാവധി വിഭവസമഹരണം നടത്തിയും പ്രായോഗിക പദ്ധതികൾ വിഭാവനം ചെയ്തുമാണ് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി 2026-27 വാർഷിക ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് ബജറ്റ് നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് എല്ലാ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പൊതുജനങ്ങളുടെയും നിർലോഭമായ സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2026-27 വാർഷിക ബജറ്റ് അവതരിപ്പിക്കുന്നതിനായി ധനകാര്യ സ്ഥിരം സമിതി അധ്യക്ഷൻ കൂടിയായ വൈസ് പ്രസിഡന്റ് ശ്രീ ഷാജഹാനെ ക്ഷണിക്കുന്നു.

തൃക്കുന്നപ്പുഴ
06/03/2026

**ശ്രീമതി സിന്ധു ശശി**
പ്രസിഡന്റ്
തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്

**<u>തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്</u>**
**<u>ബജറ്റ് 2026 27</u>**
**<u>അവതരണ കുറിപ്പ്</u>**

ആദരണീയ അദ്ധ്യക്ഷ, മറ്റ് ബഹുമാന്യ ഭരണസമിതി അംഗങ്ങളെ,

നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമങ്ങളെ സ്വയം ഭരണാധികാരമുള്ളതും സ്വാശ്രയവുമായ റിപ്പബ്ലിക് ആക്കി മാറ്റുന്ന ആശയമാണ് ഗ്രാമ സ്വരാജ്. കൃഷി, ഭക്ഷണം, വസ്ത്രം, അടിസ്ഥാന സൗകര്യങ്ങൾ, എന്നിവയിൽ ഓരോ ഗ്രാമവും സ്വയം പര്യാപ്തത കൈവരിക്കുകയും പഞ്ചായത്തുകളിലൂടെ ഭരണനിർവഹണം വികേന്ദ്രികരിക്കുകയും ചെയ്യുന്നതിലൂടെ ഗ്രാമ വികസനവും സാമ്പത്തിക സ്വാതന്ത്ര്യവും ആണ് ലക്ഷ്യമിടുന്നത്.

പഞ്ചായത്തുകൾക്ക് ഭരണഘടന പദവി നൽകിയ 73ാം ഭേദഗതിയുടെ അന്തസത്തയ്ക്ക് അനുസ്യൂതമായി അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. ഈ ജനപക്ഷ വികസന പാതയുടെ നേട്ട കോട്ടങ്ങൾ വിലയിരുത്തി ഭാവിയിലെ വികസന ദൗത്യങ്ങൾക്ക് പുതിയ ദിശാബോധം നൽകാൻ നമുക്ക് കഴിയണം.

സങ്കുചിത ചിന്താഗതികളെയും വർഗീയെതയും പ്രോത്സാഹിപ്പിക്കാൻ നമുക്കാവില്ല കാരണം ചിന്തയിലും പ്രവർത്തിയിലും സങ്കുചിത്വം പാലിക്കുന്ന ഒരു ജനതയെ കൊണ്ട് ഒരു രാജ്യത്തിനും മഹത്താവാൻ കഴിയുകയില്ല എന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ വാക്കുകളെ ഈ കാലഘട്ടത്തിൽ നിങ്ങളെ ഓർമ്മപ്പെടുത്തിക്കൊണ്ട് നേരിന്റെ ഉൾക്കാഴ്ചയോടെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ പുതിയ ഭരണസമിതിയുടെ ഒന്നാമത്തെ ബജറ്റ് 2026-27 വർഷത്തെ സമ്പൂർണ്ണ ബജറ്റ് ആണ് ഈ മഹനീയ സഭയിൽ ഞാൻ അവതരിപ്പിക്കുന്നത്.

പ്രകൃതിരമണീയവും ഹരിതാഭവുമായ ആലപ്പുഴ ജില്ലയുടെ തെക്കുഭാഗത്തായി അറബിക്കടലിനും കിഴക്ക് റ്റി. എസ് കനാലും ഉള്പ്പെടുന്ന ഗ്രാമപഞ്ചായത്ത് ആണ് തൃക്കുന്നപ്പുഴ. ജനസാന്ദ്രത കൂടിയ ജില്ലയാണ് ആലപ്പുഴ. മത്സ്യത്തൊഴിലാളികളും കർഷകരും കയർത്തൊഴിലാളികളും വസിക്കുന്ന ഭൂമിശാസ്ത്രം ആണ് തൃക്കുന്നപ്പുഴയുടെത്. മഹാകവി കുമാരനാശാന്റെ സ്മൃതി മണ്ഡപം കുമാരകോടി സ്മാരകം തൃക്കുന്നപ്പുഴ

ഗ്രാമപഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. പ്രകൃതിരമണീയത കൊണ്ട് സമ്പുഷ്ടമാണ് തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്.

അധികാരവികേന്ദ്രീകരണവും ജനകീയ ആസൂത്രണവും സൃഷ്ടിച്ച വികസന സംസ്കാരം പടുത്തുയർത്തിയ പുരോഗതിയാണ് ഇന്നു നമ്മുടെ ഗ്രാമങ്ങളിൽ ദൃശ്യമാകുന്നത്. ഭരണനിർവഹണത്തിലും പങ്കാളിത്ത ആസൂത്രണത്തിലും വികസന ക്ഷേമപ്രവർത്തനത്തിലും ലോകത്തിനുതകുന്ന മാതൃകയായി നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശാക്തീകരിക്കപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ആസൂത്രണത്തിന്റെയും പരിപാലനത്തിന്റെയും മാർഗ്ഗരേഖയാണ് ബജറ്റ്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214 ആം വകുപ്പിലാണ് ബജറ്റിനെ കുറിച്ചും ബജറ്റ് നിയന്ത്രണങ്ങളെ കുറിച്ചും പ്രതിപാദിക്കുന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 175 വകുപ്പ് പ്രകാരം തയ്യാറാക്കുന്ന വാർഷിക വികസന പദ്ധതിയും ബജറ്റിന്റെ ഭാഗമാകേണ്ടതുണ്ട് .ഈ മാർഗനിർദേശങ്ങൾ പാലിച്ചു വിശദമായ ചർച്ചയുടെയും അവലോകനങ്ങളുടെയും അടിസ്ഥാനത്തിലാണ് ധനകാര്യ സ്ഥിരം സമിതി 2026-27ലെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. നാം നേടിയ നേട്ടങ്ങളെ സുസ്ഥിരമാക്കുവാനും കാലത്തിന്റെ പുത്തൻ വെല്ലുവിളികൾ ഏറ്റെടുത്ത് പരിഹാരമാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും നമുക്ക് കഴിയേണ്ടതുണ്ട്. നമ്മുടെ വിപുലമായ വികസനക്ഷേമ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിന് വിഭവലഭ്യതയുടെ പരിമിതി ഒരു പ്രധാന വെല്ലുവിളിയാണ്. നമ്മുടെ തനത് വരുമാന സ്രോതസ്സുകൾ പരിമിതമാണ് വസ്തു നികുതി, തൊഴിൽ നികുതി,ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ് തുടങ്ങിയവയാണ് പ്രധാന തന്നത് വരുമാനം നികുതി സമാഹരണം ഊർജ്ജിതമാക്കി 2025-26 വരെ 100% നികുതി സമാഹരണം ലക്ഷ്യം നാം കൈവരിച്ചിട്ടുണ്ട്. തനതു നികുതി സമാഹരണം കാര്യക്ഷമമാക്കി 2026-27 ബജറ്റ് വർഷം പരമാവധി വിഭവ ശേഖരണത്തിന് ഒപ്പം സംസ്ഥാന ബജറ്റ് വിഹിതമായി ഗ്രാമപഞ്ചായത്തിന്

| | |
|---|---|
| വികസന ഫണ്ട് പൊതു വിഭാഗം - | **3404800**/- |
| വികസന ഫണ്ട് എസ് ഇ പി | **3482000/**- |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻഡ് ടൈഡ് | **8706600/-** |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ബേസിക് | **5825000/-** |
| മെയിന്റനൻസ് ഗ്രാൻഡ് റോഡിതരം | **12924000/-** |
| മെയിന്റനൻസ് ഗ്രാൻഡ് റോഡ് | **8992000/-** |
| ജനറൽ പർപ്പസ് ഗ്രാൻഡ് | **18555600/-**രൂപയും |

ലഭ്യമാകും എന്ന് പ്രതീക്ഷിക്കുന്നു

വെള്ളത്തിൽ ഇറങ്ങാതെ നീന്താൻ കഴിയില്ല, ഫണ്ടിന്റെ അപര്യാപ്തതുകൊണ്ട് ഉദ്ദേശിക്കുന്ന രൂപത്തിൽ പദ്ധതികൾ ഏറ്റെടുക്കുന്നതിന്

പരിമിതികൾ ഉണ്ട്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ, ആസൂത്രണ സമിതി എന്നിവരുടെ ചർച്ച നിരവധി ആശയങ്ങളും ആഗ്രഹങ്ങളും പ്രതി ഫലിച്ചിട്ടുണ്ട്. പറഞ്ഞതുപോലെ വ്യത്യസ്തമായ ആശയങ്ങളാണ് ഉരുതിരിഞ്ഞ് വന്നത് പരിമിതമായ ഫണ്ടുകൾ കൊണ്ട് മഹാത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയില്ല. ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള ഈ പഞ്ചായത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയാത്ത സാഹചര്യമാണ് തീരദേശ പരിപാലന നിയമം ഊരാക്കുടുക്ക് ആയത് ഈ പഞ്ചായത്തിലെ ജനങ്ങൾ ഉയർത്തി കാട്ടുകയാണ്. അറബിക്കടലിന്റെയും ടി എസ്സ് കനാലിന്റേയും ഇടയിൽ ഒരു പെട്ടിക്കിടയ്ക്ക് പോലും നമ്പർ ഇടാൻ കഴിയാത്ത അവസ്ഥയാണ്. പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ കഴിയുന്നില്ല, ചെറുകിട കച്ചവടക്കാർക്ക് ലൈസൻസ് കൊടുക്കാൻ കഴിയുന്നില്ല, അങ്ങനെ നീണ്ടുപോകുന്ന ഈ സ്ഥിതി ഭയാനകമാണ്. ആവശ്യങ്ങൾ ഒരുപാടുണ്ട്, നിർദേശങ്ങൾ അതിലേറെയുണ്ട്, ലഭ്യമായ ഫണ്ടിന്റെ കണക്കുമുണ്ട്, പഞ്ചായത്തിന്റെ അത്ഭുതകരമായ പുരോഗതി ചിന്തയിലുമുണ്ട് .10 റാത്തൽ ഇറച്ചി വേണം ഒരു തുള്ളി ചോര പോലും പുറത്തു പോകരുത് എന്ന് പറഞ്ഞാൽ പ്രിയ സഹപ്രവർത്തകരെ ഞാനൊരു വൈസ് പ്രസിഡണ്ട് മാത്രമാണ് മന്ത്രവാദിയല്ല എന്ന് ഓർമ്മയിൽ ഉണ്ടാകണം .ലഭ്യമായ വിവരങ്ങൾ യുക്തിസഹമായി വകയിരുത്തി സമഗ്ര പുരോഗതി ലക്ഷ്യമാക്കിയാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. വികസന കാഴ്ചപ്പാടിന് ഊന്നൽ നൽകിക്കൊണ്ട് സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് തയ്യാറാക്കിയിട്ടുള്ള ബജറ്റ് പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് കാര്യമായ പങ്കുവഹിക്കുമെന്ന് എനിക്ക് ഉറച്ച വിശ്വാസം ഉണ്ട്.

സാമൂഹികനീതിയിൽ അധിഷ്ഠിതമായി വികേന്ദ്രീകൃതവും സുസ്ഥിരവുമായ വികസനക്ഷേമമാണ് 2026-27ലെ ബജറ്റ് ദർശനം. വിവിധ വിഷയ മേഖലകളിലായി ഉയർന്നുവന്ന വികസന ആവശ്യങ്ങൾ സമഗ്രവും സൂക്ഷ്മമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുമാണ് 2026-27 വാർഷിക ബജറ്റ് വികസനക്ഷേമ ആവശ്യങ്ങൾക്ക് മുൻഗണന നിശ്ചയിച്ചിട്ടുള്ളത്. നമ്മുടെ ഗ്രാമത്തിന്റെ ഭൂപ്രകൃതിയും ജനങ്ങളുടെ ആവശ്യകതയും പരിഗണിച്ച് ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനവും പുരോഗതിയും ലക്ഷ്യമാക്കി സമാഹരിക്കാൻ കഴിയുന്ന പരമാവധി വിഭവസമഹരണം നടത്തിയും പ്രായോഗിക പദ്ധതികൾ വിഭാവനം ചെയ്തുമാണ് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി 2026-27 ബജറ്റ് തയ്യാരാക്കിയിട്ടുള്ളത്. ബജറ്റ് നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് എല്ലാ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെ പൊതുജനങ്ങളുടെ നിർലോഭമായ സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ **2026-27 വാർഷിക ബജറ്റ്** അവതരിപ്പിക്കുകയാണ്.

## പൊതു അവലോകനം

1997-98 മുതൽ ആരംഭിച്ച ജനകീയ ആസൂത്രണം നമ്മുടെ പഞ്ചായത്തിലെ വിവിധ മേഖലകളിൽ ഒരു പുത്തൻ ഉണർവ് നൽകി ആസൂത്രണ പ്രക്രിയയിലെ വിവിധ തലങ്ങളെ സമന്നയിപ്പിച്ച് പദ്ധതി നടത്തിപ്പിൽ സജീവ പങ്കാളിത്തം ഉറപ്പുവരുത്തി ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിന് വ്യക്തമായ മാനദണ്ഡം രൂപീകരിച്ച ഗുണഭോക്തൃ തിരഞ്ഞെടുപ്പിന്റെ മേന്മ വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. വനിതകളുടെ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കുന്നതിനായി പദ്ധതി വിഹിതത്തിൽ കൂടുതൽ തുക ഉൾപ്പെടുത്തി പദ്ധതി ആസൂത്രണത്തിൽ സജീവ സ്ത്രീ പങ്കാളിത്തം ഊട്ടിയുറപ്പിച്ച് സ്ത്രീശാക്തീകരണത്തിന് കൂടുതൽ കരുത്ത് പകരുന്നതിനായി സാധിച്ചിട്ടുണ്ട്. യന്ത്രവൽക്കരണത്തിലൂടെ കാർഷിക ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും നമുക്ക് സാധിച്ചു.

വികസന വിപ്ലവവുമായി മുന്നേറുന്ന ത്രിതല പഞ്ചായത്ത് സംവിധാനം എന്നും കേരളത്തിന് അഭിമാനമാണ്. നമ്മുടെ പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ദൈനംദിന ജീവിതത്തിന്റെ സമസ്ത മേഖലകളെ നാം ആവിഷ്കരിച്ച പദ്ധതികൾ സ്പർശിച്ചിട്ടുണ്ട്.

ഈ കർത്തവ്യങ്ങൾ വളരെ ഭംഗിയായും തൃപ്തികരമായും നിർവഹിക്കുന്നതിനും വികസന പദ്ധതികൾ പ്രവർത്തന പന്ഥാവില് എത്തിക്കുന്നതിനും കക്ഷിരാഷ്ട്രീയ ഭേദമന്യേ എല്ലാവരുടെയും സഹകരണം ലഭ്യമായിട്ടുണ്ട്. നമ്മുടെയൊക്കെ കൂട്ടായ പ്രവർത്തനവും പുതുമയാർന്ന ശൈലിയും ആത്മാർത്ഥമായ നവീകരണവും ഈ നേട്ടങ്ങൾക്ക് പിന്നിലുണ്ട്.

കൃഷി ക്ഷേമ വികസന ആരോഗ്യ വിദ്യാഭ്യാസ സാമൂഹിക സുരക്ഷിതത്വം തുടങ്ങിയ മേഖലയിൽ ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിച്ച് നാം നടപ്പിലാക്കുകയാണ്. ആസൂത്രണ പ്രക്രിയയിലൂടെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എല്ലാം തന്നെ ഗ്രാമീണ ജനതയുടെ സാമൂഹിക സാംസ്കാരിക സാമ്പത്തിക നിലവാരം ലക്ഷ്യമിട്ടുള്ളത് തന്നെയാണ്. സ്ത്രീ ശാക്തീകരണത്തിന് ഊന്നൽ നൽകി കുടുംബശ്രീ പ്രവർത്തകരുടെ സജീവമായ പങ്കാളിത്തത്തോടെ സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഈ ഭരണസമിതി ലക്ഷ്യമിടുന്നു.

ഹരിത കർമ്മസേനയുടെ മേൽനോട്ടത്തിൽ ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം സർവീസ് ചാർജ്ജ് ഈടാക്കി ശേഖരിച്ച് സംസ്കരിക്കുന്നതിനും ബോധവൽക്കരണത്തിലൂടെ പ്ലാസ്റ്റിക് ഉപയോഗം ഒരു പരിധിവരെ കുറവ് ചെയ്ത് പ്ലാസ്റ്റിക് മുക്ത പഞ്ചായത്ത് ആക്കി മാറ്റുന്നതിന് ലക്ഷ്യമിടുന്നു

എല്ലാ കുടുംബങ്ങൾക്കും വീടെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനും പഞ്ചായത്തിലെ എല്ലാ വീടുകളിലും കുടിവെള്ള ലഭ്യത

ഉറപ്പുവരുത്തുന്നതിനും ആണ് ഈ പഞ്ചായത്ത് പ്രധാനമായും ഊന്നൽ നൽകുന്നത്

## വകയിരുത്തലുകൾ

ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതം പൊതുവിഹിതം സാധാരണ **34048000/-** രൂപയും ജനറൽ പർപ്പസ് ഗ്രാൻഡ് ആയി **18555600/-**രൂപയും പ്രതീക്ഷിക്കുന്നു

## ബഡ് ജറ്റ് സംഗ്രഹം

| SN | PARTICULARS | BUDGET FOR 2025-2026 | BUDGET FOR 2026-2027 |
|---|---|---|---|
| 1 | Opening Balance | 36332478 | 59282236 |
| 2 | Total Revenue Receipts | 91489790 | 107509000 |
| 3 | Total Capital Receipts | 414359761 | 256546200 |
| 4 | Total Receipts | 505849551 | 364055200 |
| 5 | Grand Total | 542182029 | 423337436 |
| 6 | Total Revenue Expenditure | 446609586 | 413027000 |
| 7 | Total Capital Expenditure | 36290207 | 3750000 |
| 8 | Total Expenditure | 482899793 | 416777000 |
| 9 | Closing Balance | 59282236 | 6560436 |

## ഉല്പാദന മേഖല

### കാർഷിക മേഖല

തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ജനങ്ങളിൽ ഏറിയ പങ്കും കയര് അനുബന്ധ മേഖലകളിൽ പ്രത്യേകിച്ച് മത്സ്യമേഖലയിൽ പണിയെടുക്കുന്നവരാണ്. കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കൃഷി ലാഭകരമാക്കുന്നതിനും പരമാവധി സബ്സിഡി നൽകി പദ്ധതികൾ ആവിഷ്കരിക്കുന്നതിനോടൊപ്പം ആധുനിക കൃഷി സങ്കേതം കർഷകർക്ക് പരിചയപ്പെടുത്തി കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കേണ്ടതുണ്ട്. കാർഷികമേഖലയിൽ 2026-27 നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വാഴ വിത്ത് വിതരണം, പച്ചക്കറി വിത്തു വിതരണം ,പച്ചക്കറി കൃഷിക്ക് ചെടിച്ചട്ടി വിതരണം, കുറ്റി കുരുമുളക് കൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി **4000000** രൂപ വകയിരുത്തുന്നു. കൃഷി ക്ഷീര വികസന മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ തുക

വകയിരുത്തുന്നു. പാലിന് സബ്സിഡി കറപ്പശു വിതരണം പോത്തുകുട്ടി വളർത്തൽ അനുബന്ധ മേഖല എന്നിവയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉൾപ്പെടെ **2607000** രൂപ വകയിരുത്തിയിട്ടുണ്ട്. തെരുവ് നായ്ക്കളുടെ വാക്സിനേഷന് **100000/-**രൂപ വകയിരുത്തുന്നു. മത്സ്യ ബന്ധന അനുബന്ധ മേഖല പദ്ധതികൾക്ക് **1650000/-**രൂപ വകയിരുത്തുന്നു. സേവനമേഖല എല്ലാവർക്കും വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി ലൈഫ് മിഷൻ പദ്ധതി പ്രകാരം **എട്ടു കോടി രൂപ** വകയിരുത്തുന്നു.

## ആരോഗ്യ മേഖല

ആരോഗ്യ മേഖലയിൽ സേവനം മെച്ചപ്പെടുത്തുന്നതിന് ഫിഷറീസ് ആശുപത്രിയിൽ 12 മണിക്കൂർ ആതുരസേവനം ഉറപ്പുവരുത്തുന്നതിനും എഫ് എച്ച് സി ആയുർവേദം ഹോമിയോ ആശുപത്രികൾക്ക് മരുന്ന് വാങ്ങുന്നതിന് ഉൾപ്പെടെ തുക വകയിരുത്തിയിട്ടുണ്ട്, പാലിയേറ്റീവ് കെയർ പ്രോഗ്രാം പ്രവർത്തനങ്ങൾക്കായി **1600000/-**രൂപ വകയിരുത്തുന്നു

## പൊതു വിദ്യാഭ്യാസ സംരക്ഷണം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായിട്ടുള്ള പദ്ധതികൾ ഈ വർഷത്തെ വാർഷിക പദ്ധതിയില് ഉൾപ്പെടുത്തിയിട്ടുണ്ട് സർവശിക്ഷ അഭിയാന് **800000** രൂപ വകയിരുത്തിയിട്ടുണ്ട് സർക്കാർ സ്കൂളിലെ പ്രഭാത ഭക്ഷണത്തിന് തുക വകയിരുത്തുന്നു സ്കൂൾ അറ്റകുറ്റപ്പണി സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് ഉൾപ്പെടെയുള്ള നിർമാണ പദ്ധതികൾക്ക് തുക വകയിരുത്തുന്നു

## ഹരിത കേരളം മാലിന്യനിർമാർജന പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ മികച്ച പദ്ധതികളിൽ ഒന്നായ ഹരിത മിഷൻ പ്രവർത്തനങ്ങൾ ഊർജ്ജമായി പ്രവർത്തിച്ചുവരുന്നു തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സോക് പിറ്റ് നിർമ്മാണം മാലിന്യം നിർമാർജന പദ്ധതികൾ ഉൾപ്പെടെയുള്ള പ്രവർത്തികൾക്കായി തുക വകയിരുത്തുന്നു

## സ്ത്രീശാക്തീകരണം കുടുംബശ്രീ

സ്ത്രീകളുടെ ഉന്നമനത്തിനായി വനിതാ ഘടക പദ്ധതി പ്രകാരം ചകിരി വാങ്ങൾ സ്വയംതൊഴിൽ എന്നിവയ്ക്കായി തുക വകയിർത്തിയിട്ടുണ്ട്

## ഭിന്ന ശേഷി ക്ഷേമം

ബാല സൌഹൃത പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുക എന്ന ഉദ്ദേശത്തോടെ നിൽക്കുന്ന ഗ്രാമപഞ്ചായത്തിലെ കുട്ടികളുടെ പോഷഹാകാര വിതരണത്തിനായി പൊതുവിഹിതം, കേന്ദ്ര വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം, ഉൾപ്പെടെ തുക വകയിരുത്തുന്നു.വയോജന ക്ഷേമത്തിന് മുഖ്യപരിഗണന നൽകി വൃദ്ധജന രോഗപ്രതിരോധ ചികിത്സാ പദ്ധതി ഉൾപ്പെടെ വൃദ്ധജന സംരക്ഷണത്തിനായി വൃദ്ധർക്ക് കട്ടിൽ വയോജനങ്ങൾക്ക് മരുന്നുവാങ്ങാൻ ഉൾപ്പെടെയുള്ള

പദ്ധതികൾക്കായി തുക വകയിരുത്തുന്നു. സമ്പൂർണ്ണ ഭിന്നശേഷി സൗഹൃദ പഞ്ചായത്തായി തൃക്കുന്നപ്പുഴ പഞ്ചായത്തിനെ മാറ്റേണ്ടതായിട്ടുണ്ട്. ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, സഹായ ഉപകരണം വിതരണം ചെയ്യൽ, ഉൾപ്പെടെയുള്ള പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടുണ്ട്

## പട്ടികജാതി വികസനം

പട്ടികജാതി കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടുണ്ട് പോത്തുകുട്ടി വളർത്തൽ അനുബന്ധ മേഖല എന്നിവയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉൾപ്പെടെ തുക വകയിരുത്തുന്നു

## കുടിവെള്ളം

തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് ശ്വാസത പരിഹാരം കാണുന്നതിനും എല്ലാ വാർഡുകളിലും ആറോ പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കി ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുക എന്ന ഉദ്ദേശത്തോടെ ആറോപ്ലാന്റ് നിർമ്മാണം ഉൾപ്പെടെ പ്രവർത്തികൾക്കായി തുക വകയിരുത്തിയിട്ടുണ്ട്

## ദാരിദ്ര്യ നിർമാർജനം

ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾക്കായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 13 കോടി രൂപ വകയിരുത്തുന്നു

## പശ്ചാത്തല സൗകര്യ വികസനം

പശ്ചാത്തല മേഖലാ വികസനത്തിൽ റോഡ് നിർമ്മാണത്തിനും നവീകരണത്തിനുമായി പദ്ധതികൾ ആവിഷ്കരിച്ച് ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് റോഡ് വികസനത്തിനായി **12193200** രൂപയും വകയിരുത്തുന്നു. തെരുവ് വിളക്ക് പരിപാലനം സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണി സ്ട്രീറ്റ് മെയിൻ വലിക്കൽ എന്നീ പദ്ധതികൾക്കായി **2583800** വകയിരുത്തുന്നു. **ലഹരി വിരുദ്ധം യുണൈറ്റഡ് തൃക്കുന്നപ്പുഴ എഗൈൻസ്റ്റ് ട്രഗ്സ് ജ്യോതിർഗമയ 5 ലക്ഷം രൂപ** വകയിരുത്തുന്നു. ആയുർവേദ ഹോമിയോ സെന്റർ 2 ലക്ഷം രൂപ **കളിസ്ഥലം 20 ലക്ഷം രൂപ** എന്നിങ്ങനെ വകയിരുത്തുന്നു. അടിയന്തര സാഹചര്യം നേരിടാൻ ക്യു ആർ പി വായു നിറയ്ക്കുന്ന റബ്ബർ ബോട്ടും എൻജിനും 3 ലക്ഷം രൂപ വകയിരുത്തുന്നു. തൃക്കുന്നപ്പുഴ ജംഗ്ഷനിൽ പൊതു ടോയ്ലെറ്റ് സജ്ജമാക്കാൻ ഒരു ലക്ഷം രൂപയും വകയിരുത്തുന്നു. വയോജനങ്ങൾക്ക് ഉല്ലാസ് യാത്ര ഒരു ലക്ഷം രൂപ കുട്ടികൾക്ക് നീന്തൽ പരിശീലനം ഒരു ലക്ഷം രൂപ തൊഴിലിടങ്ങളില് സൗജന്യ ഷുഗര് ബി പി അപ്പാരറ്റ്സ് പരിശോധന കിറ്റ് 100000 ആശാവർമാർക്ക് യൂണിഫോം ഒരു ലക്ഷം ഉൾനാടൻ മത്സ്യകൃഷിക്ക് നാലു ലക്ഷം രൂപ അംഗന് വാടികൾക്ക് ഇന്റർനെറ്റും ക്യാമറയും ഒരു ലക്ഷം രൂപ എന്നിങ്ങനെ വകയിരുത്തുന്നു.

തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ മുൻകാലങ്ങളിലെ പ്രവർത്തനങ്ങൾ ചരിത്രപ്രധാനങ്ങളാണ് പാവപ്പെട്ടവൻ കണ്ട സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ നടത്തിയ ശ്രമങ്ങളാണത്. സാധാരണക്കാരന്റെ ഉന്നമനം പ്രധാന ലക്ഷ്യമാക്കി കൊണ്ടുള്ള ഒരു ബജറ്റ് ജനങ്ങൾക്ക് നൽകാനായി എന്ന് ആത്മവിശ്വാസത്തോടെ നമ്മുടെ കൂട്ടായ പ്രവർത്തനം വഴി ഈ ബജറ്റ് വിഭാവനം ചെയ്യുന്ന വികസന കാഴ്ചപ്പാട് പ്രാവർത്തികമാക്കാൻ ഏവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2026-27 വർഷത്തെ ബജറ്റ് ഭരണസമതി മുമ്പാകെ സമർപ്പിക്കുന്നു .

**"ഈ യുഗത്തിന്റെ സാമൂഹ്യ ശക്തി ഞാന്**
**മായുകില്ലെന്റെ ചൈതന്യ വീചികള്**
**ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ**
**പച്ച മണ്ണിൻ മനുഷത്വമാണ് ഞാന്**
**ദ്വിഗ് വിജയത്തിനെന്ന് സർഗ്ഗ് ശക്തിയാം**
**ഇക്കുതിരയെ വിട്ടയക്കുന്നു ഞാന്"**

ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിക്ക് വേണ്ടി

എ ഷാജഹാൻ
ചെയർപേഴ്സൺ

# സംഗ്രഹം

| | | | |
|---|---|---|---|
| **ക്രമ നം** | **പ്രത്യേകതകള്** | **2025-2026 ലെ ബജറ്റ്** | **2026-2027 ലെ ബജറ്റ്** |
| 1 | ഓപ്പണിംഗ് ബാലൻസ് | 36332478 | 59282236 |
| 2 | മൊത്തം വരുമാന രസീത് | 91489790 | 107509000 |
| 3 | മൊത്തം മൂലധന രസീതുകൾ | 414359761 | 256546200 |
| 4 | ആകെ രസീതുകൾ | 505849551 | 364055200 |
| 5 | Grand Total | 542182029 | 423337436 |
| 6 | മൊത്തം റവന്യൂ ചെലവ് | 446609586 | 413027000 |
| 7 | മൊത്തം മൂലധന ചെലവ് | 36290207 | 3750000 |
| 8 | ആകെ ചെലവ് | 482899793 | 416777000 |
| 9 | ക്ലോസിംഗ് ബാലൻസ് | 59282236 | 6560436 |
| | | | |

| | | | |
|---|---|---|---|
| **റിപ്പോർട്ട്: ഫോം 1** | | | |
| **2026-2027 പുതിയ ബജറ്റ്** | | | |
| **SN** | **HEAD OF ACCOUNTS** | **BUDGET FOR 2025-2026** | **BUDGET FOR 2026-2027** |
| | **ഓപ്പണിംഗ് ബാലൻസ്** | **36332478** | **59282236** |
| | **റവന്യൂ രസീത് - 1** | | |
| | **നികുതി വരുമാനം - 110** | | |
| 1 | 1100102 സേവനം സെസ് യു/റൂൾ 26 | 200000 | 250000 |
| 2 | 1100107 റെസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് വസ്തു നികുതി | 2250000 | 2500000 |
| 3 | 1100108 നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് വസ്തു നികുതി | 1300000 | 1450000 |
| 4 | 1101001 തൊഴിൽ നികുതി – ജീവനക്കാർ | 1250000 | 1250000 |
| 5 | 1101002 തൊഴിൽ നികുതി - വ്യാപാരികൾ/സ്ഥാപനങ്ങൾ | 500000 | 600000 |
| | **മൊത്തം നികുതി വരുമാനം** | 5500000 | 6050000 |
| | **ഫീസ്, ഉപയോക്തൃ നിരക്കുകൾ - 140** | | |
| 6 | 1401004 സ്ഥാപന രജിസ്ട്രേഷൻ ഫീസ് | 125000 | 125000 |
| 7 | 1401099 മറ്റ് എംപാനൽമെന്റ് & രജിസ്ട്രേഷൻ ചാർജുകൾ | 125000 | 125000 |
| 8 | IFTEOS-നുള്ള 1401101 ലൈസൻസ് ഫീസ് | 375000 | 420000 |
| 9 | 1401106 ഗാർഹിക നായ്ക്കൾക്കുള്ള ലൈസൻസ് ഫീസ് | 10000 | 10000 |
| 10 | 1401201 കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള ഫീസ് | 750000 | 800000 |
| 11 | 1401203 പെർമിറ്റ് അപേക്ഷാ ഫീസ് | 2000 | 3500 |
| 12 | 1401205 ടെലികമ്മ്യൂണിക്കേഷൻ ടവർ നീക്കം ചെയ്യുന്നതിനുള്ള ഫീസ് | 75000 | 76000 |
| 13 | 1401302 കാലതാമസം രജിസ്ട്രേഷന് ഫീസ് - ജനനവും മരണവും | 2000 | 3000 |
| 14 | 1401304 വിവാഹ രജിസ്ട്രേഷന് ഫീസ് | 150000 | 50000 |
| 15 | 1401305 ലഭ്യതയില്ലാത്ത സർട്ടിഫിക്കറ്റിനുള്ള ഫീസ് | 2500 | 3000 |
| 16 | 1401306 രജിസ്ട്രേഷനിൽ തിരുത്തലിനുള്ള ഫീസ് | 2500 | 3000 |
| 17 | 1401399 മറ്റ് സർട്ടിഫിക്കറ്റുകൾക്കോ എക്സ്ട്രാക്റ്റുകൾക്കോ ഉള്ള ഫീസ് | 100000 | 50000 |
| 18 | 1401701 റെഗുലറൈസേഷൻ ഫീസ് | 300000 | 350000 |

| | | | |
|---|---|---|---|
| 19 | 1401801 അപേക്ഷാ ഫീസ് | 5000 | 5000 |
| 20 | 1402001 ശിക്ഷാ പലിശ | 200000 | 150000 |
| 21 | 1402003 മറ്റ് ശിക്ഷകളും പിഴകളും | 200000 | 200000 |
| 22 | 1402005 മാലിന്യം തള്ളുന്നതിനുള്ള പിഴ | 150000 | 200000 |
| 23 | 1404002 നോട്ടീസ് ഫീസ് | 50000 | 50000 |
| 24 | 1404004 ഉടമസ്ഥാവകാശം ഫീസ് മാറ്റുന്നു - പിഴ | 100000 | 50000 |
| 25 | 1404008 രജിസ്ട്രേഷൻ ഫീസ് വൈകി | 25000 | 25000 |
| 26 | 1404009 തിരയൽ ഫീസ് | 10000 | 10000 |
| 27 | 1404011 വൈകി ഫീസ് | 3000 | 3000 |
| 28 | 1404099 മറ്റ് ഫീസ് | 100000 | 100000 |
| 29 | ലൈബ്രറികളിൽ നിന്നുള്ള 1405008 രസീതുകൾ | 50000 | 50000 |
| 30 | 1407001 റോഡ് കട്ടിംഗ് ചാർജുകൾ | 50000 | 50000 |
| 31 | 1408001 മറ്റ് ചാർജുകൾ | 100000 | 100000 |
| | **മൊത്തം ഫീസും ഉപയോക്തൃ ചാർജുകളും** | 3062000 | 3011500 |
| | **വിൽപ്പനയും വാടക ചാർജുകളും - 150** | | |
| 32 | 1501099 മറ്റ് ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള രസീതുകൾ | 12000 | 12000 |
| 33 | ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള 1501101 രസീതുകൾ | 150000 | 150000 |
| 34 | 1501201 സ്റ്റോറുകളുടെ വിൽപ്പനയിൽ നിന്നുള്ള രസീതുകൾ | 80000 | 80000 |
| 35 | സ്ക്രാപ്പ് വിൽപ്പനയിൽ നിന്നുള്ള 1501202 രസീതുകൾ | 150000 | 150000 |
| 36 | കാലഹരണപ്പെട്ട ആസ്തികളുടെ ലേലത്തിൽ നിന്നുള്ള 1501203 രസീതുകൾ | 50000 | 200000 |
| | **മൊത്തം വിൽപ്പനയും വാടക ചാർജുകളും** | 442000 | 592000 |
| | **റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ - 160** | | |
| 37 | 1601010 കൈമാറ്റം ചെയ്യപ്പെട്ട പ്രവർത്തനങ്ങൾ/പദ്ധതികൾക്കുള്ള ഫണ്ട് - കർഷകത്തൊഴിലാളികൾ/തൊഴിലാളികൾക്കുള്ള പെൻഷൻ | 1605200 | 1850000 |

| | | | |
|---|---|---|---|
| 38 | 1601011 കൈമാറ്റം ചെയ്യപ്പെട്ട പ്രവർത്തനങ്ങൾ/പദ്ധതികൾക്കുള്ള ഫണ്ട് - തൊഴിലില്ലായ്മ വേതനം | 2500 | 3500 |
| 39 | 1601012 കൈമാറ്റം ചെയ്ത പ്രവർത്തനങ്ങൾ/പദ്ധതികൾക്കുള്ള ഫണ്ട് - വിധവ പെൻഷൻ | 16945600 | 18500000 |
| 40 | 1601013 കൈമാറ്റം ചെയ്യപ്പെട്ട പ്രവർത്തനങ്ങൾ/പദ്ധതികൾക്കുള്ള ഫണ്ട് - 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്ക് പെൻഷൻ | 743600 | 850000 |
| 41 | 1601014 കൈമാറ്റം ചെയ്ത പ്രവർത്തനങ്ങൾ/പദ്ധതികൾക്കുള്ള ഫണ്ട് - വ്യത്യസ്തമായി റദ്ദാക്കിയ പെൻഷൻ | 8291600 | 9850000 |
| 42 | 1601016 കൈമാറ്റം ചെയ്യപ്പെട്ട പ്രവർത്തനങ്ങൾ/പദ്ധതികൾക്കുള്ള ഫണ്ട് - വിധവയുടെ പെൺമക്കളുടെ വിവാഹത്തിനുള്ള സാമ്പത്തിക സഹായം | 150000 | 180000 |
| 43 | 1601018 കൈമാറ്റം ചെയ്ത പ്രവർത്തനങ്ങൾ/പദ്ധതികൾക്കുള്ള ഫണ്ട് - വാർദ്ധക്യ പെൻഷൻ | 35737300 | 42500000 |
| 44 | 1601023 ജനറൽ പർപ്പസ് ഫണ്ട് | 18659990 | 21422000 |
| 45 | 1601080 കൈമാറ്റം ചെയ്യപ്പെട്ട പ്രവർത്തനങ്ങൾ/പദ്ധതികൾക്കുള്ള ഫണ്ട് - മൂന്ന് സുരക്ഷാ പദ്ധതി | 350000 | 2500000 |
| | **മൊത്തം റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ** | 82485790 | 97655500 |
| | **മുൻ കാലയളവിലെ ഇനങ്ങൾ - 280** | | |
| 46 | 2801001 മുൻ കാലയളവിലെ വരുമാനം | 0 | 200000 |
| | **ആകെ മുൻ കാലയളവ് ഇനങ്ങൾ** | 0 | 200000 |
| | **മൊത്തം റവന്യൂ രസീത്** | **91489790** | **107509000** |

| | | | |
|---|---|---|---|
| | **മൂലധന രസീത് - 2** | | |
| | ഗ്രാന്റുകൾ, നിർദ്ദിഷ്ട ആവശ്യങ്ങൾക്കുള്ള സംഭാവന - 320 | | |
| 47 | 3201004 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - കെട്ടി | 6978932 | 8706600 |
| 48 | 3201005 സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | 4434454 | 5825000 |
| 49 | 3201020 സംയോജിത ശിശു വികസന സേവനം | 2213748 | 2000000 |
| 50 | 3201027 സ്വച്ഛ ഭാരത് മിഷൻ - ഗ്രാമീണ് | 7520985 | 4000000 |
| 51 | 3201044 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ പദ്ധതി (MGNREGS) | 92500000 | 100000000 |
| 52 | 3202001 വികസന ഫണ്ട് - ജനറൽ | 41476661 | 34048000 |
| 53 | 3202002 വികസന ഫണ്ട് - പ്രത്യേക ഘടക പദ്ധതി | 3192000 | 3482000 |
| 54 | 3202009 മെയിന്റനൻസ് ഫണ്ട് - റോഡ് അസറ്റുകൾ | 21976390 | 12924000 |
| 55 | 3202010 മെയിന്റനൻസ് ഫണ്ട് - നോൺ-റോഡ് അസറ്റുകൾ | 9666277 | 8992000 |
| 56 | 3202021 നിർദ്ദിഷ്ട ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകൾ, ഫണ്ടുകൾ & സംഭാവനകൾ - വികസന ഫണ്ടും സംസ്ഥാന സ്പോൺസർ ചെയ്ത സ്കീം ഫണ്ടുകളും ഒഴികെ - ലൈഫ് മിഷൻ | 62792000 | 20000000 |
| 57 | 3208010 ഗുണഭോക്തൃ സംഭാവന | 5375430 | 718600 |
| 58 | 3209001 ജില്ലാ പഞ്ചായത്തിൽ നിന്നുള്ള സംയുക്ത സംരംഭ പദ്ധതികളിലേക്കുള്ള സംഭാവന | 49211017 | 5500000 |
| 59 | 3209002 ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള സംയുക്ത സംരംഭ പദ്ധതികളിലേക്കുള്ള സംഭാവന | 25956000 | 6600000 |
| | **മൊത്തം ഗ്രാന്റുകൾ, നിർദ്ദിഷ്ട ആവശ്യങ്ങൾക്കുള്ള സംഭാവന** | 333293894 | 212796200 |
| | **സുരക്ഷിത വായ്പകൾ - 330** | | |
| 60 | KURDCFC-യിൽ നിന്നുള്ള 3305003 വായ്പ | 65980000 | 40000000 |
| | **ആകെ സുരക്ഷിത വായ്പകൾ** | 65980000 | 40000000 |
| | **മറ്റ് ബാധ്യതകൾ - 350** | | |
| 61 | 3502025 അടയ്ക്കേണ്ട വീണ്ടെടുക്കൽ - ഉറവിടത്തിൽ കുറച്ച ആദായനികുതി | 10000 | 0 |

| | | | |
|---|---|---|---|
| | **മൊത്തം മറ്റ് ബാധ്യതകൾ** | 10000 | 0 |
| | **വീണ്ടെടുപ്പ് - 431** | | |
| 62 | 4315002 സർക്കാരിൽ നിന്ന് സ്വീകരിക്കാവുന്നവ (വീണ്ടെടുപ്പ് തുക) | 12125867 | 0 |
| | **ആകെ വീണ്ടെടുക്കൽ** | 12125867 | 0 |
| | വായ്പകൾ, മുന്നേറ്റങ്ങൾ, നിക്ഷേപങ്ങൾ - 460 | | |
| 63 | 4601001 ജീവനക്കാർക്കുള്ള ഫെസ്റ്റിവൽ അഡ്വാൻസ് | 250000 | 250000 |
| 64 | 4605002 നടപ്പാക്കുന്ന ഏജൻസികളിലേക്കുള്ള മുന്നേറ്റം | 200000 | 400000 |
| 65 | 4605003 ഉദ്യോഗസ്ഥരെ നടപ്പിലാക്കുന്നതിനുള്ള അഡ്വാൻസ് | 0 | 200000 |
| 66 | 4605005 മഹാത്മാഗാന്ധി NREGS/AUEGS-ലേക്കുള്ള മുന്നേറ്റം | 2100000 | 2500000 |
| 67 | 4605099 മറ്റുള്ളവയിലേക്കുള്ള മുന്നേറ്റം | 400000 | 400000 |
| | **മൊത്തം വായ്പകൾ, മുന്നേറ്റങ്ങൾ, നിക്ഷേപങ്ങൾ** | 2950000 | 3750000 |
| | **മൊത്തം മൂലധന രസീത്** | **414359761** | **256546200** |
| | **റവന്യൂ ചെലവ് - 3** | | |
| | **സ്ഥാപന ചെലവുകൾ - 210** | | |
| 68 | 2101001 ശമ്പളം - സെക്രട്ടറി | 1300000 | 1500000 |
| 69 | 2101003 ശമ്പളം - സ്ഥിരം സ്റ്റാഫ് | 10000000 | 12000000 |
| 70 | 2101007 ശമ്പളം - പാർട്ട് ടൈം കണ്ടിജന്റ് സ്റ്റാഫ് | 1200000 | 1400000 |
| 71 | 2101101 കൂലി | 1500000 | 1520000 |
| 72 | 2101201 ബോണസ് | 50000 | 50000 |
| 73 | 2101401 ഓണറേറിയം | 2000000 | 2100000 |
| 74 | 2102001 യാത്രാ അലവൻസുകൾ - സെക്രട്ടറി | 50000 | 60000 |
| 75 | 2102003 യാത്രാ അലവൻസുകൾ - സ്ഥിരം സ്റ്റാഫ് | 200000 | 225000 |
| 76 | 2102004 യാത്രാ അലവൻസുകൾ - താൽക്കാലിക സ്റ്റാഫ് | 50000 | 0 |
| 77 | 2102005 യാത്രാ അലവൻസുകൾ - കണ്ടിജന്റ് സ്റ്റാഫ് | 25000 | 30000 |
| 78 | 2102014 പ്രതിമാസ ഓണറേറിയവും സിറ്റിംഗ് അലവൻസും - കൗൺസിലർമാർ/അംഗങ്ങൾ | 250000 | 300000 |

| | | | |
|---|---|---|---|
| 79 | 2102016 മറ്റ് ആനുകൂല്യങ്ങളും അലവൻസുകളും | 350000 | 350000 |
| 80 | 2102019 ചെയർപേഴ്സൺ/പ്രസിഡന്റ്, ഡെപ്യൂട്ടി ചെയർപേഴ്സൺ/വൈസ് പ്രസിഡന്റ്, ചെയർപേഴ്സൺ, കൗൺസിലർമാർ/അംഗങ്ങൾ എന്നിവരുടെ യാത്രാ ചെലവ് | 150000 | 250000 |
| 81 | 2103006 എൻപിഎസിലേക്കുള്ള തൊഴിലുടമയുടെ സംഭാവന - സാധാരണ ജീവനക്കാർ | 300000 | 350000 |
| 82 | 2103007 പെൻഷൻ സംഭാവന | 1350000 | 1400000 |
| 83 | 2104001 ടെർമിനൽ ലീവ് സറണ്ടർ | 1000000 | 1000000 |
| | **മൊത്തം സ്ഥാപന ചെലവുകൾ** | 19775000 | 22535000 |
| | **അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ - 220** | | |
| 84 | 2201001 കെട്ടിടങ്ങളുടെ വാടക | 300000 | 300000 |
| 85 | 2201002 ഭൂനികുതി/അടിസ്ഥാന നികുതി | 12500 | 13500 |
| 86 | 2201003 മറ്റ് നികുതികൾ/കടമകൾ | 150000 | 100000 |
| 87 | 2201101 ഓഫീസ് വൈദ്യുതി ചെലവുകൾ | 0 | 250000 |
| 88 | 2201102 വാട്ടർ ചാർജുകൾ - ഓഫീസ് | 2650000 | 250000 |
| 89 | 2201199 മറ്റ് ഓഫീസ് മെയിന്റനൻസ് ചെലവുകൾ | 520000 | 520000 |
| 90 | 2201201 ടെലിഫോൺ ചെലവുകൾ/ഇന്റർനെറ്റ് ചാർജുകൾ | 0 | 150000 |
| 91 | 2201202 തപാൽ ചെലവുകൾ | 0 | 10000 |
| 92 | 2201299 വിവിധ ആശയവിനിമയ ചെലവുകൾ | 275000 | 350000 |
| 93 | 2202001 പുസ്തകങ്ങളും ആനുകാലികങ്ങളും | 65000 | 100000 |
| 94 | 2202101 പ്രിന്റിംഗ് & സ്റ്റേഷനറി | 520000 | 550000 |
| 95 | 2204001 ഇൻഷുറൻസ് | 75000 | 50000 |
| 96 | 2205101 വിവിധ നിയമ ചെലവുകൾ | 350000 | 350000 |
| 97 | 2205201 പ്രൊഫഷണൽ & മറ്റ് ഫീസ് | 150000 | 150000 |
| 98 | 2206001 പത്ര പരസ്യ ചാർജുകൾ | 220000 | 350000 |

| | | | |
|---|---|---|---|
| 99 | 2206002 കേരളലോത്സവം ചെലവുകൾ | 0 | 100000 |
| 100 | 2206101 അംഗത്വവും സബ്സ്ക്രിപ്ഷനുകളും | 5000 | 25000 |
| 101 | 2208003 ഗ്രാമസഭ/വാർഡ് സഭാ ചെലവുകൾ | 0 | 50000 |
| 102 | 2208005 സർക്കാർ ഉത്തരവ് പ്രകാരം സംഭാവനകളും സംഭാവനകളും | 0 | 100000 |
| 103 | 2208006 അനധികൃത ഹോർഡിംഗുകൾ, ബോർഡുകൾ, ബാനറുകൾ തുടങ്ങിയവ നീക്കം ചെയ്യുന്നതിനുള്ള ചെലവുകൾ.. | 0 | 35000 |
| 104 | 2208099 വിവിധ അഡ്മിനിസ്ട്രേഷൻ ചെലവുകൾ | 2000000 | 2200000 |
| 105 | 2302001 വാട്ടർ ചാർജുകൾ - സ്ട്രീറ്റ് ടാപ്പ് | 0 | 2700000 |
| | **മൊത്തം ഭരണ ചെലവുകൾ** | 7292500 | 8703500 |
| | **പ്രവർത്തനവും പരിപാലനവും - 230** | | |
| 106 | സ്ട്രീറ്റ് ലൈറ്റുകൾക്ക് 2301001 വൈദ്യുതി നിരക്ക് | 2500000 | 2600000 |
| 107 | 2301002 ഇന്ധന ചാർജുകൾ | 300000 | 300000 |
| 108 | 2304001 വാഹന വാടക നിരക്കുകൾ | 150000 | 150000 |
| 109 | 2305301 അറ്റകുറ്റപ്പണികളും പരിപാലനവും - വാഹനങ്ങൾ | 0 | 200000 |
| 110 | 2305901 അറ്റകുറ്റപ്പണികളും പരിപാലനവും - യന്ത്രങ്ങൾ | 75000 | 0 |
| 111 | 2305909 മറ്റ് അറ്റകുറ്റപ്പണികളും പരിപാലനവും | 400000 | 400000 |
| 112 | നികുതി പിരിക്കുന്നതുമായി ബന്ധപ്പെട്ട 2308005 ചെലവുകൾ | 150000 | 150000 |
| 113 | 2308010 അധിക - സാധാരണ ചെലവുകൾ | 0 | 150000 |
| 114 | 2308013 ശുചിത്വ ചെലവുകൾ | 0 | 200000 |
| 115 | 2308099 മറ്റ് പ്രവർത്തന, പരിപാലന ചെലവുകൾ | 100000 | 200000 |
| 116 | 2308201 റിഫ്രഷ്മെന്റ് ചാർജുകൾ | 150000 | 200000 |
| | **മൊത്തം പ്രവർത്തനവും പരിപാലനവും** | 3825000 | 4550000 |
| | **പലിശയും ധനകാര്യ ചാർജുകളും - 240** | | |
| 117 | 2407001 ബാങ്ക് ചാർജുകൾ | 0 | 5000 |
| 118 | 2408001 മറ്റ് സാമ്പത്തിക ചെലവുകൾ | 200000 | 200000 |
| | **മൊത്തം പലിശയും സാമ്പത്തിക ചാർജുകളും** | 200000 | 205000 |
| | **പുരോഗതി ചെലവുകൾ - 250** | | |

| | | | |
|---|---|---|---|
| 119 | 2501001 തിരഞ്ഞെടുപ്പ് ചെലവുകൾ | 225000 | 0 |
| 120 | 2502001 ദാരിദ്ര്യ നിർമാർജന പരിപാടിയുടെ ചെലവ് | 92500000 | 100000000 |
| 121 | ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കുള്ള 2502002 ചെലവുകൾ | 500000 | 500000 |
| | **മൊത്തം പ്രോഗ്രമേ ചെലവുകൾ** | 93225000 | 100500000 |
| | **ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട മൊത്തം ചെലവുകൾ** | **16402947** | **3504000** |
| | **സേവന മേഖലയുമായി ബന്ധപ്പെട്ട മൊത്തം ചെലവുകൾ** | **238822374** | **189162200** |
| | **അടിസ്ഥാന സൗകര്യ മേഖലയുമായി ബന്ധപ്പെട്ട ആകെ ചെലവുകൾ** | **3215965** | **7333800** |
| | **സ്റ്റേറ്റ് സ്പോൺസർ ചെയ്ത സ്കീമുകളുമായി ബന്ധപ്പെട്ട ചെലവുകൾ - 254** | | |
| 122 | ചെലവുകൾ/പദ്ധതികൾ - കാർഷിക തൊഴിലാളികൾ/തൊഴിലാളികൾക്കുള്ള പെൻഷൻ | 1605200 | 1850000 |
| 123 | 2540112 പ്രോഗ്രാമുകൾ/കൈമാറ്റം ചെയ്ത പ്രവർത്തനങ്ങൾ/പദ്ധതികളുടെ ചെലവുകൾ - തൊഴിലില്ലായ്മ വേതനം | 2500 | 3500 |
| 124 | 2540113 പ്രോഗ്രാമുകൾ/കൈമാറ്റം ചെയ്ത പ്രവർത്തനങ്ങൾ/പദ്ധതികളുടെ ചെലവുകൾ - വിധവ പെൻഷൻ | 16945600 | 18500000 |
| 125 | ചെലവുകൾ/പദ്ധതികൾ - 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 743600 | 850000 |
| 126 | 2540115 പ്രോഗ്രാമുകൾ/കൈമാറ്റം ചെയ്ത പ്രവർത്തനങ്ങളുടെ ചെലവുകൾ/പദ്ധതികൾ - വ്യത്യസ്തമായി കഴിവുള്ള പെൻഷൻ | 8291600 | 9850000 |
| 127 | ചെലവുകൾ/പദ്ധതികൾ - വിധവയുടെ പെൺമക്കളുടെ വിവാഹത്തിനുള്ള സാമ്പത്തിക സഹായം | 150000 | 180000 |
| 128 | 2540118 പ്രോഗ്രാമുകൾ/കൈമാറ്റം ചെയ്ത പ്രവർത്തനങ്ങൾ/പദ്ധതികളുടെ ചെലവുകൾ - വാർദ്ധക്യ പെൻഷൻ | 35737300 | 42500000 |
| 129 | 2540138 പ്രോഗ്രാമുകൾ/കൈമാറ്റം ചെയ്ത പ്രവർത്തനങ്ങൾ/പദ്ധതികളുടെ ചെലവുകൾ - മൂന്ന് സുരക്ഷാ പദ്ധതി | 350000 | 2500000 |
| | **സംസ്ഥാന സ്പോൺസർ ചെയ്ത സ്കീമുകളുമായി ബന്ധപ്പെട്ട മൊത്തം ചെലവുകൾ** | 63825800 | 76233500 |

| | | | |
|---|---|---|---|
| | **റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ - 260** | | |
| 130 | **2601010 സ്വന്തം ഫണ്ടിൽ നിന്നുള്ള ഗ്രാന്റുകൾ, സംഭാവനകൾ, നഷ്ടപരിഹാരം** | 25000 | 100000 |
| | **മൊത്തം റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ** | 25000 | 100000 |
| | **മുൻ കാലയളവിലെ ഇനങ്ങൾ - 280** | | |
| 131 | 2808001 മുൻ കാലയളവിലെ ചെലവുകൾ | 0 | 200000 |
| | **ആകെ മുൻ കാലയളവ് ഇനങ്ങൾ** | 0 | 200000 |
| | **മൊത്തം റവന്യൂ ചെലവ്** | **446609586** | **413027000** |
| | **മൂലധന ചെലവ് - 4** | | |
| | ഗ്രാന്റുകൾ, നിർദ്ദിഷ്ട ആവശ്യങ്ങൾക്കുള്ള സംഭാവന - 320 | | |
| 132 | 3201044 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ പദ്ധതി (MGNREGS) | 100000 | 0 |
| | മൊത്തം ഗ്രാന്റുകൾ, നിർദ്ദിഷ്ട ആവശ്യങ്ങൾക്കുള്ള സംഭാവന | 100000 | 0 |
| | നിക്ഷേപങ്ങളുടെ റീഫണ്ട് - 340 | | |
| 133 | **3408099 മറ്റ് നിക്ഷേപങ്ങൾ ലഭിച്ചു** | 200000 | 0 |
| | നിക്ഷേപങ്ങളുടെ ആകെ റീഫണ്ട് | 200000 | 0 |
| | **വീണ്ടെടുക്കലുകളുടെ പേയ്മെന്റ് - 350** | | |
| 134 | 3501102 അറ്റ ശമ്പളം നൽകാവുന്നതാണ് | 540943 | 0 |
| 135 | 3501116 പെൻഷൻ സംഭാവന നൽകാവുന്നതാണ് | 73140 | 0 |
| 136 | 3501122 ശമ്പളപ്പട്ടിക അടയ്ക്കുക | 600000 | 0 |
| 137 | 3501301 തൊഴിലുടമകളുടെ ബാധ്യതകൾ - പെൻഷൻ സംഭാവന (NPS) | 12274 | 0 |
| 138 | 3502002 പണമടയ്ക്കാവുന്ന വീണ്ടെടുക്കൽ - കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് | 83630 | 0 |
| 139 | 3502009 പണമടയ്ക്കാവുന്ന വീണ്ടെടുക്കൽ - കെ.എസ്.എഫ്.ഇ വീണ്ടെടുക്കൽ | 20000 | 0 |
| 140 | 3502012 പണമടയ്ക്കാവുന്ന വീണ്ടെടുക്കൽ - സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് | 11415 | 0 |

| | | | |
|---|---|---|---|
| 141 | 3502014 വീണ്ടെടുക്കലുകൾ അടയ്ക്കേണ്ടതാണ് - ഗ്രൂപ്പ് ഇൻഷുറൻസ് | 9700 | 0 |
| 142 | 3502020 പണമടയ്ക്കാവുന്ന വീണ്ടെടുക്കൽ - ജീവനക്കാരുടെ ഷെയർ എൻപിഎസ് | 12274 | 0 |
| 143 | 3502022 പണമടയ്ക്കാവുന്ന വീണ്ടെടുക്കൽ -മെഡിസെപ് - റെഗുലർ | 8000 | 0 |
| 144 | 3502025 അടയ്ക്കേണ്ട വീണ്ടെടുക്കൽ - ഉറവിടത്തിൽ കുറച്ച ആദായനികുതി | 205352 | 0 |
| 145 | 3502026 പണമടയ്ക്കാവുന്ന വീണ്ടെടുക്കൽ - കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി | 22620 | 0 |
| 146 | 3502028 വീണ്ടെടുക്കലുകൾ അടയ്ക്കേണ്ടതാണ് - മറ്റ് വീണ്ടെടുക്കലുകൾ | 24929 | 0 |
| 147 | 3503005 സർക്കാരും മറ്റ് കുടിശ്ശികയും അടയ്ക്കേണ്ട-TDS - CGST | 151458 | 0 |
| 148 | 3503006 സർക്കാരും മറ്റ് കുടിശ്ശികയും അടയ്ക്കേണ്ട-TDS - SGST | 151458 | 0 |
| 149 | 3504099 റീഫണ്ട് അടയ്ക്കേണ്ടതാണ് - മറ്റുള്ളവ | 200000 | 0 |
| | **വീണ്ടെടുക്കലുകളുടെ ആകെ പേയ്മെന്റ്** | 2127193 | 0 |
| | **നിശ്ചിത അസറ്റുകൾ - 410** | | |
| 150 | 4102002 അഡ്മിനിസ്ട്രേറ്റീവ് കെട്ടിടങ്ങൾ | 1200000 | 0 |
| 151 | 4102016 മറ്റ് കെട്ടിടങ്ങൾ | 1115000 | 0 |
| 152 | 4103001 കോൺക്രീറ്റ് റോഡുകൾ | 750000 | 0 |
| 153 | 4103002 കറുത്ത ടോപ്പ് റോഡുകൾ | 18170130 | 0 |
| 154 | 4103003 ഇന്റർലോക്ക് ചെയ്ത റോഡുകൾ | 1893000 | 0 |
| 155 | 4103006 ചെളി റോഡുകൾ | 500000 | 0 |
| 156 | 4103008 പാലങ്ങൾ | 70000 | 0 |
| 157 | 4103012 സൈഡ് മതിലുകൾ | 660347 | 0 |
| 158 | 4103102 ഡ്രെയിനേജ് | 714300 | 0 |
| 159 | 4103302 സ്ട്രീറ്റ് ലൈറ്റ് | 2340397 | 0 |

| | | | |
|---|---|---|---|
| 160 | 4104001 പ്ലാന്റ് & മെഷിനറി | 1688972 | 0 |
| 161 | 4105001 വാഹനങ്ങൾ | 379500 | 0 |
| 162 | 4106002 കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ & പെരിഫറലുകൾ | 1411368 | 0 |
| 163 | 4107001 ഫർണിച്ചർ, ഫിക്സ്ചറുകൾ, ഫിറ്റിംഗുകളും ഇലക്ട്രിക്കൽ വീട്ടുപകരണങ്ങളും | 20000 | 0 |
| | **ആകെ നിശ്ചിത അസറ്റുകൾ** | 30913014 | 0 |
| | **വായ്പകൾ, മുന്നേറ്റങ്ങൾ, നിക്ഷേപങ്ങൾ - 460** | | |
| 164 | 4601001 ജീവനക്കാർക്കുള്ള ഫെസ്റ്റിവൽ അഡ്വാൻസ് | 250000 | 250000 |
| 165 | 4605002 നടപ്പാക്കുന്ന ഏജൻസികളിലേക്കുള്ള മുന്നേറ്റം | 200000 | 400000 |
| 166 | 4605003 ഉദ്യോഗസ്ഥരെ നടപ്പിലാക്കുന്നതിനുള്ള അഡ്വാൻസ് | 0 | 200000 |
| 167 | 4605005 മഹാത്മാഗാന്ധി NREGS/AUEGS-ലേക്കുള്ള മുന്നേറ്റം | 2100000 | 2500000 |
| 168 | 4605099 മറ്റുള്ളവയിലേക്കുള്ള മുന്നേറ്റം | 400000 | 400000 |
| | **മൊത്തം വായ്പകൾ, മുന്നേറ്റങ്ങൾ, നിക്ഷേപങ്ങൾ** | 2950000 | 3750000 |
| | **മൊത്തം മൂലധന ചെലവ്** | **36290207** | **3750000** |
| | **ആകെ ചെലവ്** | **482899793** | **416777000** |
| | **ആകെ രസീതുകൾ + OB** | **505849551** | **423337436** |
| | **ബാലൻസ്** | **59282236** | **6560436** |

# 2026-27 പദ്ധതികൾ

| SL No | Project Name | Devolopment fund | | Maintanance Grand | | Finance Grand | | | Other | | Own fund | Beneficiary | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | Tide | | | | | | |
| | | General | SCP | Road | Non Road | Basic | Sanitation | Drinking water | Block | Districts | | | |
| 1 | തീരദേശ റോഡ് മെയിന്റനൻസ് വാർഡ് 1 | | | 575000 | | | | | | | | | 575000 |
| 2 | തട്ടാംപറമ്പ് റോഡ് റീച്ച് 2 മെയിന്റനൻസ് വാർഡ് 2 | | | 575000 | | | | | | | | | 575000 |
| 3 | അമ്പലശ്ശേരി കടവ് മുതൽ പറമ്പിൽ പാലം വരെ റീടാറിങ് വാർഡ് 3 | | | 575000 | | | | | | | | | 575000 |
| 4 | റോഡുകളുടെ അറ്റകുറ്റപണി-വാർഡ് 4 | | | 575000 | | | | | | | | | 575000 |
| 5 | റോഡുകളുടെ അറ്റകുറ്റപണി-വാർഡ് 5 | | | 575000 | | | | | | | | | 575000 |
| 6 | മണിവേലിച്ചിറ മൂലേക്കാട് റോഡ് പുനരുദ്ധാരണം വാർഡ് 6 | | | 575000 | | | | | | | | | 575000 |
| 7 | ഷാപ്പ്മുക്ക് പടന്നക്കടവ് വാടച്ചിറ വൃന്ദാവനം റോഡ് മെയിന്റനൻസ് വാർഡ് 7 | | | 575000 | | | | | | | | | 575000 |
| 8 | റോഡുകളുടെ അറ്റകുറ്റപണി-വാർഡ് 8 | | | 575000 | | | | | | | | | 575000 |
| 9 | വാടച്ചിറ ചാമ്പക്കടവിൽ റോഡ് മെയിന്റനൻസ് വാർഡ് 9 | | | 575000 | | | | | | | | | 575000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 10 | **പാണന്തറ ചെങ്കിളിൽ റോഡ് പുനരുദ്ധാരണം വാർഡ് 10** | | | **575000** | | | | | | | | | **575000** |
| 11 | **മുട്ടത്ത് പറമ്പ്-പപ്പൻമുക്ക് റോഡ്മെയിന്റനൻസ് വാർഡ് 11** | | | **575000** | | | | | | | | | **575000** |
| 12 | **പപ്പൻമുക്ക് -അഞ്ചുതെങ്ങ് റോഡ് മെയിന്റനൻസ് വാർഡ് 12** | | | **575000** | | | | | | | | | **575000** |
| 13 | **അമ്പലാശ്ശേരി കടവ് റോഡ് നിർമ്മാണം വാർഡ് 13** | | | **575000** | | | | | | | | | **575000** |
| 14 | **റോഡുകളുടെ അറ്റകുറ്റപണി- വാർഡ് 14** | | | **575000** | | | | | | | | | **575000** |
| 15 | **പുത്തൻപുരയ്ക്കൽ ഗാന്ധി ബസാർ റോഡ് പുനരുദ്ധാരണം വാർഡ് 15** | | | **575000** | | | | | | | | | **575000** |
| 16 | **റോഡുകളുടെ അറ്റകുറ്റപണി- വാർഡ് 16** | | | **575000** | | | | | | | | | **575000** |
| 17 | **കലവറ ജംഗ്ഷൻ കലവറ ജെട്ടി റോഡ് പുനരുദ്ധാരണം വാർഡ് 17** | | | **575000** | | | | | | | | | **575000** |
| 18 | **പുല്ലുകാട് വാടച്ചിറ റോഡ് ടാറിങ് വാർഡ് 18** | | | **575000** | | | | | | | | | **575000** |
| 19 | **പുല്ലുകാട് റോഡിൽ നിന്നും വടക്കോട്ട് വടക്കേ വാടച്ചിറ വരെ റോഡ് നിർമ്മാണം** | | | | | **250000** | | | | | | | **250000** |
| 20 | **ചിറയിൽ മാന്തോട്ടത്തിൽ റോഡ് നിർമ്മാണം വാർഡ് 2** | | | | | **250000** | | | | | | | **250000** |
| 21 | **പുതിയ റോഡ് നിർമ്മാണം- വാർഡ് 3** | | | | | **250000** | | | | | | | **250000** |
| 22 | **പുതിയ റോഡ് നിർമ്മാണം- വാർഡ് 4** | | | | | **250000** | | | | | | | **250000** |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 23 | **പുതിയ റോഡ് നിർമ്മാണം- വാർഡ് 5** | | | | | **250000** | | | | | | | **250000** |
| 24 | **പുളിമൂട്ടിൽചിറ മൂലയിൽ റോഡ് ടാറിങ് വാർഡ് 6** | | | | | **250000** | | | | | | | **250000** |
| 25 | **മേത്താളിശ്ശേരിൽ റോഡ് നിർമമാണം വാർഡ് 7** | | | | | **250000** | | | | | | | **250000** |
| 26 | **പുതിയ റോഡ് നിർമ്മാണം- വാർഡ് 8** | | | | | **250000** | | | | | | | **250000** |
| 27 | **വാടച്ചിറ ചാമ്പക്കടവിൽ റോഡ് മെയിന്റനൻസ് വാർഡ് 9** | | | | | **250000** | | | | | | | **270000** |
| 28 | **പി എസ് പുത്തൻകാട്ടിൽ റോഡും ഓടയും വാർഡ് 10** | | | | | **250000** | | | | | | | **250000** |
| 29 | **ചെങ്കിളിൽ ഉമ്മാപറമ്പ് റോഡ് നിർമ്മാണം വാർഡ് 11** | | | | | **250000** | | | | | | | **250000** |
| 30 | **പള്ളിപ്പാട്ട്മുറി- സി എച്ച് മുഹമ്മദ് കോയ സ്മാരക റോഡ് നിർമ്മാണം വാർഡ് 12** | | | | | **250000** | | | | | | | **250000** |
| 31 | **പുതിയ റോഡ് നിർമ്മാണം- വാർഡ് 13** | | | | | **250000** | | | | | | | **250000** |
| 32 | **പുതിയ റോഡ് നിർമ്മാണം- വാർഡ് 14** | | | | | **250000** | | | | | | | **250000** |
| 33 | **ഫിഷറീസ് -ഗാന്ധി ബസാർ തൈക്കാവ് റോഡ് നിർമ്മാണം വാർഡ് 15** | | | | | **250000** | | | | | | | **250000** |
| 34 | **പുതിയ റോഡ് നിർമ്മാണം- വാർഡ് 16** | | | | | **250000** | | | | | | | **250000** |
| 35 | **മാക്കോതക്കരി തൈവെപ്പിൽ റോഡ് നിർമ്മാണം വാർഡ് 17** | | | | | **250000** | | | | | | | **250000** |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 36 | പാണ്ഡവിജി റോഡ് മുതൽ വടക്കോട്ട് സുരേന്ദ്രൻ പരുത്തിപറമ്പിൽ പടീറ്റതിൽ വരെ റോഡ് ഗ്രാവലിങ് വാർഡ് 18 | | | | | 250000 | | | | | | | 250000 |
| 37 | വിവധ വാർഡുകളിലെ ഓട നിർമ്മാണം | | | | | | 1869200 | | | | | | 1869200 |
| 38 | ഗവ എൽ പി എസ് തൃക്കുന്നപ്പുഴ ഭൌതിക സാഹചര്യം ഒരുക്കൽ | 56800 | | | 743200 | | | | | | | | 800000 |
| 39 | ഗവ എൽ പി എസ് പാനൂർക്കര ഭൌതിക സാഹചര്യം ഒരുക്കൽ | | | | 1000000 | | | | | | | | 1000000 |
| 40 | ഗവ എൽ പി എസ് പല്ലന ഭൌതിക സാഹചര്യം ഒരുക്കൽ | | | | 400000 | | | | | | | | 400000 |
| 41 | ആത്മവിദ്യാസംഘം ജി എൽ പി എസ് ഭൌതിക സാഹചര്യം ഒരുക്കൽ | | | | 400000 | | | | | | | | 400000 |
| 42 | ഗവ എൽ പി എസ് കിഴക്കേക്കര നോർത്ത് ഭൌതിക സാഹചര്യം ഒരുക്കൽ | | | | 400000 | | | | | | | | 400000 |
| 43 | ജൈവവളം വിതരണം | 180000 | | | | | | | | | | 60000 | 240000 |
| 44 | ഫലവൃക്ഷ തൈ വിതരണം (വിയറ്റ്നാം ഏർളി പ്ലാവ് ഗ്രാഫ്റ്റ്) | 150000 | | | | | | | | | | 50000 | 200000 |
| 45 | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ്-സബ്സിഡി | 100000 | | | | | | | | | | | 100000 |
| 46 | ഇഞ്ചി മഞ്ഞൾ കൃഷിവ്യാപനം | 450000 | | | | | | | | | | | 450000 |
| 47 | പുഷ്പകൃഷി ഗ്രൂപ്പുകൾ/വ്യക്തികൾ (ബന്ദി, വാടാമല്ലി) | 25800 | | | | | | | | | | 8600 | 34400 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 48 | പുഷ്പകൃഷി ഗ്രൂപ്പുകൾ/വ്യക്തികൾ (ബന്ദി, വാടാമല്ലി) കൂലിച്ചെലവ് | **100000** | | | | | | | | | | | **100000** |
| 49 | മില്ലറ്റ് ഗ്രാമം | **150000** | | | | | | | | | | **50000** | **200000** |
| 50 | പച്ചക്കറി കൃഷിക്ക് ചട്ടി വ്യാപനം | **900000** | | | | | | | | | | **300000** | **1200000** |
| 51 | വാഴകൃഷി വാഴവിത്ത് വിതരണം | **135000** | | | | | | | | | | | **135000** |
| 52 | ഡ്രാഗൺ ഫ്രൂട്ട് കൃഷി | **100000** | | | | | | | | | | | **100000** |
| 53 | തെങ്ങിന് മണ്ടരിക്ക് മരുന്ന് തെളിക്കൽ | **750000** | | | | | | | | | | **250000** | **1000000** |
| 54 | കൃഷി ഓഫീസിലെ കണ്ടിജന്റ് ചെലവുകൾ | | | | **100000** | | | | | | | | **100000** |
| 55 | വയോജനങ്ങൾക്ക് കട്ടിൽ നൽകൽ എസ് സി | **100000** | | | | | | | | | | | **100000** |
| 56 | ബാലസഭ | **25000** | | | | | | | | | | | **25000** |
| 57 | ക്ഷയരോഗം ബാധിതർക്ക് ഭക്ഷ്യകിറ്റ് വിതരണം | **100000** | | | | | | | | | | | **100000** |
| 58 | പട്ടികജാതി കുട്ടികളുടെ പഠനമുറി | | 600000 | | | | | | | | | | **600000** |
| 59 | ഹരിത കർമ്മസേന എം എൽ പി/ ലഗസി വേസ്റ്റ് നീക്കം ചെയ്യൽ | | | | | | **400000** | | | | | | **400000** |
| 60 | വിവാഹ ധനസഹായം | | 250000 | | | | | | | | | | **250000** |
| 61 | മിശ്രവിവാഹ ധനസഹായം | | 225000 | | | | | | | | | | **225000** |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 62 | പാലിന് സബ്സിഡി - ജനറൽ | **300000** | | | | | | | **300000** | **300000** | | | **900000** |
| 63 | പാലിന് സബ്സിഡി - എസ് സി പി | | 10000 | | | | | | **100000** | | | | **110000** |
| 64 | എസ് എസ് എ വിഹിതം നൽകൽ | **800000** | | | | | | | | | | | **800000** |
| 65 | എസ് സി വിദ്യാർഥികള്ക്ക് സ്കോളർഷിപ് | | 500000 | | | | | | | | | | **500000** |
| 66 | സർക്കാർ സ്കൂളിലേക്ക് കണ്ടിജെൻഡ് ചിലവുകൾ | | | | **200000** | | | | | | | | **200000** |
| 67 | ബിരുദം ബിരുദാനന്തര ബിരുദം പോളി ടെക്നിക് എഞ്ചിനീയറിങ് മെഡികൽ കോഴ്സുകള് പഠിക്കുന്ന എസ് സി വിദ്യാർഥികള്ക്ക് ലാപ്ടോപ് നൽകൽ | | 350000 | | | | | | | | | | **350000** |
| 68 | പട്ടികജാതി കുട്ടികൾക്ക് പഠനോപകരണം നൽകൽ മേശ കസേര | | 150600 | | | | | | | | | | **150600** |
| 69 | ബാലാമൃതം സർക്കാർ സ്കൂളിലെ കുട്ടികള്ക്ക് പ്രഭാത ഭക്ഷണം | **900000** | | | **200000** | | | | | | | | **1100000** |
| 70 | വിവധ സ്കൂളിലേക്ക് ഫർണീച്ചർ വാങ്ങൽ | **200000** | | | | | | | | | | | **200000** |
| 71 | വിവധ സ്കൂളിലേക്ക് അടുക്കള ഉപകരണങ്ങൾ വാങ്ങി നൽകൽ | | | | **100000** | | | | | | | | **100000** |
| 72 | സ്കൂളുകളിലേക്ക് ലാപ്ടോപ്പ്, പ്രൊജക്ടർ, സ്ക്രീൻ എന്നിവ വാങ്ങൽ | **350000** | | | | | | | | | | | **350000** |
| 73 | ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | | | | **800000** | | | | | | | | **800000** |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 74 | വൃദ്ധർക്കും പാലിയേറ്റീവ് രോഗികൾക്കും ആയുർവേദ മരുന്ന് വാങ്ങൽ | **200000** | | | | | | | | | | | **200000** |
| 75 | ആയുർവേദ ആശുപത്രിയുടെ കണ്ടിജെന്റ് ചിലവുകൾ | | | | **20400** | | | | | | | | **20400** |
| 76 | ആയുർവേദ ആശുപത്രി സബ് സെന്റർ പ്രവർത്തന ചെലവുകൾ | | | | **50000** | | | | | | | | **50000** |
| 77 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | | | | **250000** | | | | | | | | **250000** |
| 78 | ഹോമിയോ ഡിസ്പെൻസറിയുടെ കണ്ടിജന്റ് ചിലവുകൾ | | | | **30000** | | | | | | | | **30000** |
| 79 | ഹോമിയോ ആശുപത്രി സബ് സെന്റർ പ്രവർത്തന ചെലവുകൾ | | | | **50000** | | | | | | | | **50000** |
| 80 | ഫിഷറീസ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | | | | **1200000** | | | | | | | | **1200000** |
| 81 | ഫാർമസിസ്റ്റ് ഹോണറെറിയം നൽകൽ | | | | **200000** | | | | | | | | **200000** |
| 82 | ഫിഷറീസ് ഹോസ്പിറ്റലിൽ ഈവനിങ് ഓ പി സൌകര്യമൊകുക്കൽ | **200000** | | | **100000** | | | | | | | | **300000** |
| 83 | ഡയാലിസ് രോഗികൾക്ക് ഡയാലിസ് കിറ്റ് വിതരണം | **300000** | | | | | | | | | | | **300000** |
| 84 | ഫിഷറീസ് ആശുപത്രിയിലെ കണ്ടിജെന്റ് ചെലവുകൾ | | | | **200000** | | | | | | | | **200000** |
| 85 | പാലിയേറ്റിവ് കെയർ | **1200000** | | | | | | | **200000** | **200000** | | | **1600000** |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 86 | അതിദരിദ്രർക്ക് മരുന്ന് വിതരണം | **50000** | | | | | | | | | | | **50000** |
| 87 | സബ് സെന്ററുകളുടെ വാടക | | | | **100000** | | | | | | | | **100000** |
| 88 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം മേശയും കസേരയും | **600000** | | | | | | | | | | | **600000** |
| 89 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ് | **650000** | | | | | | | | | | | **650000** |
| 90 | മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് | | | | | | | **353000** | | | | | **353000** |
| 91 | മത്സ്യഭവൻ കണ്ടീജൻസി ചെലവുകൾ | | | | **50000** | | | | | | | | **50000** |
| 92 | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി | **1000000** | | | | | | | | | | | **1000000** |
| 93 | വയോജനങ്ങൾക്ക് കട്ടിൽ നൽകൽ | **1000000** | | | | | | | | | | | **1000000** |
| 94 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ് | **1000000** | | | | | | | | | | | **1000000** |
| 95 | അങ്കണവാടി കണ്ടീജന്റ് ചിലവുകൾ | | | | **75000** | | | | | | | | **75000** |
| 96 | ജാഗ്രത സമിതി ശാക്തീകരണം | **50000** | | | | | | | | | | | **50000** |
| 97 | അങ്കണവാടി കലോത്സവം | **30000** | | | | | | | | | | | **30000** |
| 98 | ഭിന്നശേഷി കലോത്സവം | **75000** | | | | | | | | | | | **75000** |
| 99 | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണം നൽകൽ | **250000** | | | | | | | | | | | **250000** |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 100 | അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | | | | 150000 | | | | | | | | 150000 |
| 101 | വയോജന കലോത്സവം | 75000 | | | | | | | | | | | 75000 |
| 102 | വയോജനങ്ങളുടെ മാനസിക ഉല്ലാസത്തിനായുള്ള യാത്ര | 100000 | | | | | | | | | | | 100000 |
| 103 | അംഗൻവാടികൾക്ക് ഫയർ എക്സിറ്റിങ്ക്യുഷർ വാങ്ങൽ | 100000 | | | | | | | | | | | 100000 |
| 104 | 2026-27 പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിങ് | | | | | | | | | | 250000 | | 250000 |
| 105 | ടെക്കനിക്കൽ അസിസ്റ്റന്ററിന് വേതനം നൽകൽ | | | | | | | | | | 450000 | | 450000 |
| 106 | പ്രോജെക്റ്റ് അസിസ്റ്റന്ററിന് വേതനം നൽകൽ | | | | | 325000 | | | | | | | 325000 |
| 107 | വരൾച്ച - വാഹനത്തിൽ കുടി വെള്ള വിതരണം | 50000 | | | | | | | | | 50000 | | 100000 |
| 108 | തെരുവ് വിളക്കുകളുടെ പരിപാലനം - ലേബർ ചാർജ്ജും മറ്റ് അനുബന്ധ | 300000 | | | | | | | | | | | 300000 |
| 109 | ഐ കെ എം വിഹിതം നൽകൽ | 160000 | | | | | | | | | | | 160000 |
| 110 | എ ബി സി പദ്ധതി - ബ്ലോക്ക് പഞ്ചായത്തിന് ബിഹിതം നൽകൽ | 350000 | | | | | | | | | | | 350000 |
| 111 | തെരുവു വിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 500000 | | | | 1000000 | | | | | | | 1500000 |
| 112 | വിവിധ വാർഡുകളിൽ ആർ ഒ പ്ലാൻറ് സ്ഥാപിക്കൽ | | | | | | | 3000000 | | | | | 3000000 |
| 113 | വാതിൽപ്പടി സേവന പദ്ധതി | 20000 | | | | | | | | | 20000 | | 40000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 114 | പകൽവീട് പരിപാലനം- മറ്റ് അനുബന്ധസൌകര്യങ്ങൾ ഒരുക്കൽ | **100000** | | | | | | | | | | | **100000** |
| 115 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ എം സി പുതുക്കൽ | **100000** | | | | | | | | | | | **100000** |
| 116 | തെരുവ് വിളക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | **783800** | | | | | | | | | | | **783800** |
| 117 | കേരളോത്സവം | | | | | | | | | | **150000** | | **150000** |
| 118 | ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | **150000** | | | | | | | | | | | **150000** |
| 119 | വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | **500000** | | | | | | | | | | | **500000** |
| 120 | ദുരന്തനിവാരണ സേന രൂപീകരണം- തുടർപ്രവർത്തനങ്ങൾ | **50000** | | | | | | | | | **50000** | | **100000** |
| 121 | മഹാത്മാഗാന്ധി ഗ്രാമ സേവാകേന്ദ്രം | **50000** | | | | | | | | | | | **50000** |
| 122 | ഡിജി കേരളം | | | | | | | | | | **50000** | | **50000** |
| 123 | ഗതാഗത തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | **200000** | | | | | | | | | | | **200000** |
| 124 | [illegible] സർട്ടിഫിക്കേഷൻ- പ്രവർത്തനങ്ങൾ | **100000** | | | | | | | | | | | **100000** |
| 125 | ജ്യോതിർഗമയ ലഹരി വിമുക്ത കാമ്പെയിൻ | **200000** | | | | | | | | | | | **200000** |
| 126 | 12-വാർഡിൽ പമ്പ് ഹൌസ് നിർമ്മാണം | | | | | | | **1000000** | | | | | **1000000** |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 127 | ദൃഷ്ടി - കെട്ടിടങ്ങളുടെ ഡ്രോൺ മാപ്പിങ് | | | | | | | | | | 300000 | | 300000 |
| 128 | തെരുവ് നായ്ക്കൾക്ക് വാക്സിനേഷൻ | 100000 | | | | | | | | | | | 100000 |
| 129 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ | | | | 300000 | | | | | | | | 300000 |
| 130 | കറവപശു വിതരണം | 540000 | | | | | | | | | | | 540000 |
| 131 | ധാതുലവണ മിശ്രതം | 100000 | | | | | | | | | | | 100000 |
| 132 | പശുക്കുട്ടി വിതരണം | 432000 | | | | | | | | | | | 432000 |
| 133 | മൃഗാശുപത്രിയിലെ കണ്ടിജന്റ് ചെലവുകൾ | | | | 75000 | | | | | | | | 75000 |
| 134 | ലൈഫ് ഭൂരഹിതർക്ക് സ്ഥലം വാങ്ങി നൽകൽ | 400000 | | | | | | | | | | | 400000 |
| 135 | ലൈഫ് ഭവന നിർമ്മാണം | 4300000 | | | | | | | | | | | 4300000 |
| 136 | ലൈഫ് ഭവന നിർമ്മാണം എസ് സി വിഭാഗം | | 200000 | | | | | | | | | | 200000 |
| 137 | പി എം എ വൈ ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ | 2000000 | | | | | | | | | | | 2000000 |
| 138 | ഗാർഹിക മാലിന്യ സംസ്കരണം -ജി ബിൻ വിതരണം | | | | | | 1544400 | | | | | | 1544400 |
| 139 | ഹരിത കർമ്മസേന അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ചാക്കുകൾ വാങ്ങി നൽകൽ | | | | | | 200000 | | | | | | 200000 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 140 | ഒ ഡി എഫ് പ്ലസ്- ലൈഫ്/പി എം എ വൈ ഗുണഭോക്താക്കൾക്ക് ടോയ്ലെറ്റ് നിർമ്മാണം | | | | | | **340000** | | | | | | **340000** |
| 141 | പരമ്പരാഗത കൈതൊഴിൽ ചകിരി വാങ്ങൽ ധനസഹായം | **2500000** | | | | | | | | | | | **2500000** |
| 142 | സ്വയം തൊഴിലിന് സ്കൂട്ടർ വാങ്ങൽ | **500000** | | | | | | | | | | | **500000** |
| 143 | എസ് സി വീട് വാസയോഗ്യമാക്കൽ | | **500000** | | | | | | | | | | **500000** |
| 144 | ഇ പി ഇ പി - വീടും സ്ഥലവും ഇല്ലാത്തവർക്ക് വാടക നൽകൽ | | | | | | | | | | **100000** | | **100000** |
| | | **27238400** | **2785600** | **10350000** | **7193600** | **5825000** | **4353600** | **4353000** | **600000** | **500000** | **1420000** | **718600** | **65357800** |